# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 53 07/01/2014- ൽ മറുപടിക്ക്

## വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ..ബി.ഡി.ദേവസ്സി<br>,, എ.കെ.ബാലൻ<br>,, രാജു എബ്രഹാം<br>,, കെ.കെ.ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കേന്ദ്രാനുമതിക്ക് സമർപ്പിക്കപ്പെട്ടതും മുടങ്ങിക്കിടക്കുന്നതുമായ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; | (ബി) പൂയംകുട്ടി ജലവൈദ്യുത പദ്ധതി 240 MW<br>അതിരപ്പള്ളി ജലവൈദ്യുത പദ്ധതി 163 MW<br>അച്ചൻ കോവിൽ ജലവൈദ്യുത പദ്ധതി 30 MW<br>കാരപ്പാറ കുരിയാർകുട്ടി വിവിധോദ്ദേശ പദ്ധതി 84 MW<br>പാത്രക്കടവ് ജലവൈദ്യുത പദ്ധതി 70 MW<br>ആകെ 587 MW |
| (സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നേടിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അനുകൂലമായ തീരുമാനം ലഭിച്ചിട്ടുണ്ടോ; | (സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നേടിയെടുക്കുവാൻ ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദന സംഘം ബഹു. പ്രധാന മന്ത്രിയേയും ബഹു. കേന്ദ്ര- വനം പരിസ്ഥിതി മന്ത്രിയേയും നിരവധി തവണ നേരിട്ടു കണ്ട് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ സംസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന ബഹു. പാർലമെന്റ് അംഗങ്ങൾ മുഖേനയും പ്രസ്തുത വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി ഒരളവുവരെ പരിഹരിയ്ക്കാൻ |

(...2)

| | |
|---|---|
| | കഴിയുന്ന ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുന്നു. |
| (ഡി) മുഖ്യമന്ത്രിയ്ക്ക് പ്രധാനമന്ത്രിയിൽ നിന്നോ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നോ എന്തെങ്കിലും ഉറപ്പ് പ്രസ്തുത പദ്ധതികളുടെ കാര്യത്തിൽ ലഭിച്ചതായി അറിവുണ്ടോ; | (ഡി) ഇല്ല |
| (ഇ) പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രാവർത്തികമാവുകയാണെങ്കിൽ ലഭിക്കുമായിരുന്ന അധിക വൈദ്യുതി എത്ര മെഗാവാട്ട് വീതമാണ്; വിശദമാക്കാമോ? | (ഇ) ഉപചോദ്യം (ബി) യ്ക്കുള്ള മറുപടിയിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ആകെ 587 MW. |

സെക്ഷൻ ഓഫീസർ